LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യവനങ്ങളിൽനിന്നും സർക്കാരിനു കിട്ടുന്ന വരുമാനം

111 (2561) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യവനങ്ങൾ ഏറ്റെടുത്തപ്പോൾ വർക്കിംഗ് പ്ലാനിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനം നടത്തിയിരുന്ന എത്ര ഹെക്ടർ വനങ്ങളെ ഒഴിവാക്കിയിരുന്നു ;

(ബി) ഇപ്രകാരം വർക്കിംഗ് പ്ലാൻ പ്രവർത്തനങ്ങൾ നടത്തിയിരുന്ന സ്വകാര്യവനങ്ങളിലെ പ്രവർത്തനങ്ങൾ അവസാനിക്കുകയും അവിടെനിന്ന് ആദായം ലഭിക്കാൻ തുടങ്ങുകയും ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം സ്ഥലങ്ങളിൽനിന്ന് ഗവൺമെന്റിന് ഏതെങ്കിലും വരുമാനം ലഭിക്കുന്നുണ്ടോ എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വെസ്റ്റിങ് ആന്റ് അസൈൻമെന്റ് ആക്ട് പ്രകാരം സ്വകാര്യവനങ്ങൾ ഏറ്റെടുത്തപ്പോൾ വർക്കിംഗ് പ്ലാൻ അനുസരിച്ച് പ്രവർത്തനം നടത്തിയിരുന്ന സ്വകാര്യവനങ്ങളെ ഒഴിവാക്കാൻ നിർദ്ദേശിക്കാതിരുന്നതിനാൽ ഇത്തരം വനങ്ങളെ നിക്ഷിപ്തമാക്കലിൽ നിന്നും ഒഴിവാക്കിയിരുന്നില്ല.

(ബി) സ്വകാര്യവനങ്ങളുടെ വർക്കിംഗ് പ്ലാൻ ഏറ്റെടുത്ത നിക്ഷിപ്ത വനങ്ങൾക്കു ബാധകമല്ല. നിക്ഷിപ്തമാക്കപ്പെട്ട സ്വകാര്യവനത്തിന് റിസർവ് (സംരക്ഷിത) വനത്തിന്റെ പദവിയാണുള്ളത്. ഇത്തരം നിക്ഷിപ്തവനങ്ങളിൽനിന്ന് ആദായം ലഭിക്കുന്നുണ്ട്.

(സി) ഉണ്ട്.

250 വർഷത്തിൽപ്പരം പ്രായമുള്ള വനവൃക്ഷങ്ങൾ

112 (2562) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. പി. ഗംഗാധരൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളിൽ എവിടെയെല്ലാം 250 വർഷത്തിൽപ്പരം പ്രായമുള്ള തേക്ക്, ഈട്ടി മുതലായ മെച്ചപ്പെട്ട ഇനങ്ങളിൽപ്പെടുന്ന വൃക്ഷങ്ങളുണ്ട് ;

(ബി) ഇത്തരം വൃക്ഷങ്ങൾ നഷ്ടപ്പെടാതെ പരിരക്ഷിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(സി) ഇത്തരത്തിൽപ്പെടുന്ന എത്ര വൃക്ഷങ്ങൾ സംസ്ഥാനത്തെ വനങ്ങളിലുള്ളതായി കണക്കാക്കപ്പെടുന്നു ?